# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.617** **29.01.2019-ൽ മറുപടിക്ക്**

## കോതമംഗലം ഹൈഡൽ ടൂറിസം പദ്ധതി.

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഇടമലയാർ റിസർവോയർ, വനമേഖലക്കുള്ളിലാണെന്ന കാരണം പറഞ്ഞ് വനംവകുപ്പ് തടസ്സവാദം ഉന്നയിക്കുന്നതിനാൽ ഹൈഡൽ ടൂറിസം സംബന്ധിച്ച പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല |
| (ബി) | ഹൈഡൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ടിംഗ്, ഗാർഡനിംഗ് തുടങ്ങിയവ ആദ്യഘട്ടമായി ഇവിടെ ആരംഭിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും പദ്ധതി ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | വനംവകുപ്പിന്റെ അനുമതിയില്ലാത്തതിനാലാണ് ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് |
| (സി) | പദ്ധതി പ്രവർത്തനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഇടമലയാർ റിസർവോയർ വനമേഖലയിൽ സ്ഥിതി ചെയ്യുന്നതിനാൽ വനംവകുപ്പിൽ നിന്നും ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ അനുമതിയില്ല |
| (ഡി) | എല്ലാത്തരം തടസ്സങ്ങളും പരിഹരിച്ച് ഇടമലയാറിൽ ഹൈഡൽ ടൂറിസ്റ്റ് കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തടസ്സങ്ങൾ പരിഹരിക്കാനായിട്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

Hemalatha

സെക്ഷൻ ഓഫീസർ